VII സബ്മിഷൻ

(1) ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ള സ്മാരകം

ശ്രീ ബേബിജോൺ : സർ, ഒരു പ്രത്യേക കാര്യത്തിന് വേണ്ടിയാണെങ്കിലും പൊതുവായ ഒരു പ്രശ്നംകൂടി ഉന്നയിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത, ധീരമായ നേതൃത്വം നൽകിയ, ത്യാഗോജ്ജ്വലമായ ജീവിതം കാഴ്ചവച്ച നേതാക്കൻമാരെക്കുറിച്ച് വരും തലമുറയ്ക്ക് മനസ്സിലാക്കാനുള്ള സംവിധാനങ്ങളെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. അവരോടുള്ള ആരാധന പ്രകടിപ്പിക്കുന്നതിനപ്പുറം അവർ സ്വീകരിച്ച മാർഗ്ഗങ്ങളും, അവരുടെ ജീവിതരീതി അതൊക്കെ വരുംതലമുറയ്ക്ക് മാർഗ്ഗദർശകമാക്കണം. ഒന്നും പ്രതീക്ഷിച്ചുകൊണ്ടല്ല ശ്രീ. പട്ടം താണുപിള്ളയും ശ്രീ. സി. കേശവനും വർഗ്ഗീസ് സാറുമൊക്കെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തത്. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം, അതിന് കൊടുക്കേണ്ടി വരുന്ന വില എന്തായാലും അധികമാകുകയില്ല എന്ന സങ്കൽപ്പത്തോടുകൂടി പ്രവർത്തിച്ച ആളുകളും, മൺമറഞ്ഞ ആ നേതാക്കൻമാരെക്കുറിച്ച് ഇന്നത്തെ തലമുറയ്ക്ക് എന്തുമാത്രം അറിയാമെന്ന് അറിയില്ല. ഞാൻ ഒരു കുറ്റബോധത്തോടുകൂടിത്തന്നെയാണ് ഈ പ്രശ്നം ഉന്നയിക്കുന്നത്. ഭരണത്തിലൊക്കെ ഇരുന്നിട്ട് ഒന്നും കാര്യമായി ചെയ്യാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ സാംസ്കാരിക വകുപ്പ് ഇക്കാര്യത്തെക്കുറിച്ച് പ്രത്യേകമായി ശ്രദ്ധിച്ചാൽ തരക്കേടില്ല. അവരുടെ അപദാനങ്ങളെക്കുറിച്ച് നാം പുകഴ്ത്തുകയല്ല. മറിച്ച് നമ്മുടെ കുഞ്ഞുങ്ങൾക്ക്, വരും തലമുറയ്ക്ക് ഈ നേതാക്കൻമാർ നാടിനുവേണ്ടി ചെയ്ത സംഭാവനകളെക്കുറിച്ച്, അവരുടെ ജീവിതരീതിയെക്കുറിച്ച്, അവരുടെ ത്യാഗോജ്ജ്വലമായ ജീവിതത്തെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കണം. എത്രയോ പ്രഗൽഭരായിരുന്നു അവർ. അതുകൊണ്ട് ആ വഴിക്കൊന്ന് ആലോചിക്കണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ സബ്മിഷൻ അവതരിപ്പിക്കുകയാണ്. കേരള രാഷ്ട്രീയത്തിൽ അമ്പതിലേറെ വർഷം നിറഞ്ഞുനിന്ന ആളാണ് യശഃശരീരനായ കുമ്പളത്ത് ശങ്കുപ്പിള്ള. അദ്ദേഹത്തിന്റെ കർമ്മകുശലത അധികമാർക്കും ചോദ്യം ചെയ്യാനൊക്കുകയില്ല. ആദ്യത്തെ ഒരു ഘട്ടം കഴിഞ്ഞാൽ സ്വാതന്ത്ര്യസമരകാലത്ത് അദ്ദേഹത്തിന്റെ കൂടെ നിന്ന് പ്രവർത്തിച്ച ഒരു എളിയ പ്രവർത്തകനാണ് ഞാൻ. പക്ഷെ സ്വാതന്ത്ര്യ ലബ്ധിയോടുകൂടി രണ്ട് വിഭിന്ന ചേരിയിൽ നിന്നു പ്രവർത്തിച്ച ആളുകളാണ് ഞങ്ങൾ. രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങൾ പലതും നിലനിൽക്കുമ്പോഴത്തന്നെ ആദരിക്കേണ്ടവരെ ആദരിക്കുകയും അവരുടെ അപദാനങ്ങൾ വരുംതലമുറയ്ക്ക് പകർത്തിക്കൊടുക്കാൻ കഴിയുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയും ചെയ്യണം. അതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അദ്ദേഹം അന്തരിച്ചിട്ട് വർഷങ്ങൾ ഏറെയായി. അദ്ദേഹം ജീവിച്ചിരുന്നപ്പോഴത്തന്നെ അനുയായികൾ ചോദിച്ചപ്പോൾ അങ്ങനെ ഒരു പ്രതിമയും വേണ്ട എന്നു പറഞ്ഞു. പക്ഷെ ഒരു ഗവേഷണ കേന്ദ്രം, അത് കുമ്പളത്ത് ശങ്കുപിള്ളയെ മാത്രം ഉദ്ദേശിച്ചുകൊണ്ടല്ല, നമ്മുടെ ദേശീയ-സാംസ്കാരിക നേതാക്കൻമാരെ സംബന്ധിച്ചൊക്കെത്തന്നെ ഭാവിതലമുറയ്ക്ക് സഹായകമാകുന്ന ഒരു ഗവേഷണകേന്ദ്രം തുറക്കണമെന്ന് കുമ്പളത്ത് ശങ്കുപിള്ള മെമ്മോറിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഫൗണ്ടേഷൻ എന്ന സംഘടന തീരുമാനിച്ചിട്ടുണ്ട്. ഒരു ഗ്രാമപ്രദേശമാണ് പനമ്മന. അവിടെ സ്ഥലം കിട്ടാൻ പാടാണ്. അവർ ഒരു അപേക്ഷ തന്നിട്ടുണ്ട്. രണ്ടു സ്ഥലമേ അവിടെ ഉള്ളൂ. ഒന്ന് കെ.എം.എം.എൽ.-ന്റെ വകയായിട്ടുള്ള 25 സെന്റ് സ്ഥലവും മറ്റൊന്ന് വാട്ടർ അതോറിറ്റിയുടെ സ്ഥലവും. കെ.എം എം.എൽ.-ന്റെ കീഴിലുള്ള സ്ഥലം അനുവദിക്കണമെന്ന് അവർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ തീരുമാനമെടുക്കണം. ഇതുപോലെയുള്ള സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് സഹായം നൽകിയിട്ടുണ്ട്. നൽകുന്നത് നല്ലതാണ്. നാളെയും നൽകണം. ഈ ഫൗണ്ടേഷൻ ഒരു ഗവേഷണ കേന്ദ്രമാക്കി വളർത്തിക്കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. അദ്ദേഹത്തിന്റെ അപദാനങ്ങളെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. പക്ഷെ ഇതൊരു ആവശ്യമാണെന്ന കാര്യം എല്ലാപേരും അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം. തീർച്ചയായും മുഖ്യമന്ത്രി മുൻകൈ എടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് അവർ ആവശ്യപ്പെട്ട സ്ഥലവും അതിനുവേണ്ട സാമ്പത്തികസഹായവും നൽകാൻ ഗവൺമെന്റ് തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട ബേബിജോൺ സൂചിപ്പിച്ച കാര്യങ്ങളോട് ഗവൺമെന്റിന് പൂർണ്ണമായ യോജിപ്പാണ്. മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് മൺമറഞ്ഞുപോയ സ്വാതന്ത്ര്യസമരസേനാനികളോട് നാം വേണ്ടത്ര ആദരവ് പ്രകടിപ്പിക്കാറില്ല. സമീപകാലത്തായി ചില കാര്യങ്ങളിൽ നാം കൂടുതൽ നടപടികൾ എടുത്തുതുടങ്ങിയിട്ടുണ്ട്. സ്വാതന്ത്ര്യസമരസേനാനികളുടെ പെൻഷൻ 500 രൂപയായിരുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് പ്രാവശ്യമായി ആയിരം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ബംഗാളിലും തമിഴ്നാട്ടിലും ആന്ധ്രയിലുമൊക്കെ ചെയ്യുന്നതുപോലെ സ്വാതന്ത്ര്യസമരത്തിൽ എല്ലാം മാറ്റി ഇറങ്ങിപ്പുറപ്പെട്ട നേതാക്കളെ ആദരിക്കുന്നതിനുള്ള ഒട്ടേറെ സ്മാരകങ്ങൾ, ഗവേഷണകേന്ദ്രങ്ങൾ, മറ്റ് പരിപാടികൾ ഇതെല്ലാം ആരംഭിക്കേണ്ടതാണെന്ന് ശ്രീ. ബേബി ജോൺ പറഞ്ഞതിനോട് പൂർണ്ണമായി യോജിക്കുന്നു. ഗവൺമെന്റിന്റെ സാമ്പത്തിക ബാദ്ധ്യത ഇത്തരം കാര്യങ്ങൾക്ക് തടസ്സമായി ഉന്നയിക്കുകയില്ല. ഇക്കാര്യത്തിൽ വളരെയധികം ഉദാരമായ നിലപാട് എടുക്കുമെന്ന് ഞാൻ ഉറപ്പ് തരുന്നു. പ്രത്യേകമായിട്ട് ഇപ്പോൾ സൂചിപ്പിച്ച, കേരളത്തിലെ സ്വാതന്ത്ര്യസമരനേതാക്കളിൽ ഇവിടത്തെ യുവലോകത്തിന്റെ രോമാഞ്ചമായിരുന്ന, ഇതിഹാസമായിരുന്ന കുമ്പളത്ത് ശങ്കുപ്പിള്ളയ്ക്ക് അർഹതപ്പെട്ട ഒരു സ്മാരകം ഉണ്ടാക്കാൻ ഇതുവരെ കഴിയാതെ പോയതിൽ ഞാൻ യഥാർത്ഥത്തിൽ ഖേദിക്കുകയും ലജ്ജിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന് ഒരു സ്മാരകം ഉണ്ടാക്കുന്നതിനുവേണ്ടി ഇപ്പോൾ ഒരു കമ്മിറ്റി മുന്നോട്ടുവന്നിട്ടുണ്ട്. ആ കമ്മിറ്റിക്കുവേണ്ട എല്ലാ സഹായങ്ങളും ചെയ്യും. ആദ്യപടി എന്നനിലയിൽ കെ. എം. എം. എൽ.-ന്റെ കൈവശമുള്ള 25 സെന്റ് സ്ഥലം ഈ സ്മാരകത്തിന് കൊടുക്കാൻ മന്ത്രിസഭായോഗം തീരുമാനം എടുത്തുകഴിഞ്ഞിരിക്കുന്നു. ഇനിയും സാമ്പത്തികസഹായം നൽകുന്ന കാര്യം പരിശോധിക്കാമെന്ന് മെമ്പർക്ക് ഉറപ്പ് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly